SJD/3338/2020-F3

I/78279/2023

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :28-01-2023
Email -swdkerala@gmail.com
Phone : 0471 – 2306040

**സർക്കുലർ**

വിഷയം: സാമൂഹികനീതിവകുപ്പ്- അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി -, നടപ്പിലാക്കുന്നത് നിർദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്.

സൂചന: 1..സ.ഉ(കൈ)145/2021 ത.സ്വ.ഭ.വ തീയതി. 16.07.2021

2.സ.ഉ (സ3ാധാ)നം. 1857/2021 ത.സ്വ.ഭവ.തീയതി. 25.09.2021

3.08.07.2022ലെ സ.ഉ(കൈ)നം.146/2022 LSGD/ഉത്തരവ്.

കേരള സർക്കാരിൻറെ അതിദാരിദ്ര്യ നിർമാർജന ഉപ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്താകെ 64,006 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. അതിദാരിദ്ര്യ നിർണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെ അതിദരിദ്രാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള മൈക്രോപ്ലാൻ മാർഗരേഖ സൂചന 2 പ്രകാരം അംഗീകരിച്ചുത്തരവായിട്ടുണ്ട്. ഇപ്രകാരം കണ്ടെത്തിയിട്ടുള്ള കുടുംബങ്ങളിൽ സാമൂഹ്യനീതി വകുപ്പിൻറെ ഗുണഭോക്താക്കളായ വയോജനങ്ങൾ, ട്രാൻസ്ജെൻറേഴ്സ്, ഭിന്നശേഷിക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട വ്യക്തികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് വകുപ്പു നൽകുന്ന സേവനങ്ങൾ എത്തിക്കുന്നതിനായി താഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. അതിദരിദ്രരായി കണ്ടെത്തിയിട്ടുള്ള കുടുംബങ്ങളിൽ അർഹരായവർക്ക് സാമൂഹ്യനീതി വകുപ്പു മുഖേന നൽകിവരുന്ന താഴെ കാണിച്ചിരിക്കുന്ന വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി ആനുകൂല്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് സുനീതി പോർട്ടൽ മുഖേന 15/ 02/ 2023 നു മുൻപായി അപേക്ഷകൾ ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**a.ഭിന്നശേഷിക്കാർ-** വിദ്യാകിരണം, വിദ്യാജ്യോതി, ഭിന്നശേഷി സ്കോളർഷിപ്പ്, വിദൂരവിദ്യാഭ്യാസ ധനസഹായം, വിജയാമൃതം, പരിണയം(I,II)നിരാമയ, വികലാംഗ ദുരിതാശ്വാസപദ്ധതി, മാതൃജ്യോതി, സ്വാശ്രയ, സഹായ ഉപകരണവിതരണ പദ്ധതി.

**b.ട്രാൻസ്ജെണ്ടർ വിഭാഗം-** TG സ്കോളർഷിപ്, സഫലം, ലിംഗമാറ്റ ശസ്ത്രക്രിയാ സഹായം, എസ്.ആർ.എസ് പദ്ധതി, TG വിവാഹധനസഹായം.

**c.വയോജനങ്ങൾ-** വയോമധുരം, മന്ദഹാസം.

2. അതിദരിദ്രരായി കണ്ടെത്തിയ കുടുംബങ്ങളിൽപ്പെട്ട ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി കാർഡു ലഭ്യമാകുന്നുവെന്നു ഉറപ്പ് വരുത്തുന്നതിന് സാമൂഹ്യസുരക്ഷാമിഷനുമായി ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതിദരിദ്രരായി കണ്ടെത്തിയിട്ടുള്ള ട്രാൻസ്ജെണ്ടർ വിഭാഗത്തിൽപെടുന്ന മുഴുവൻ പേർക്കും TG ID കാർഡുകൾ ഉറപ്പ് വരുത്തേണ്ടതാണ്. ഇതിലേയ്ക്ക് ആവശ്യമെങ്കിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് പ്രത്യേക ഡ്രൈവ് നടത്തേണ്ടതാണ്.

3. അതിദരിദ്രരായി കണ്ടെത്തിയ കുടുംബങ്ങളിൽപ്പെട്ട ആളുകൾക്ക്, ആവശ്യമെങ്കിൽ വകുപ്പിനുകീഴിലുള്ള അനുയോജ്യമായ ക്ഷേമ സ്ഥാപനങ്ങളിൽ പ്രവേശനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. സാമൂഹ്യനീതി വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികളായ പരിരക്ഷ, കരുതൽ, വയോരക്ഷ, പദ്ധതികളുമായി ബന്ധപ്പെട്ട ഇംപ്രസ്റ്റ് തുകകൾ മാനദണ്ഡങ്ങൾക്ക് വിധേയമായി അതിദാരിദ്ര്യ നിർമാർജന ഉപപദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉപയോഗപ്പെടുത്താവുന്നതാണ്.

5. അതിദരിദ്രരായി കണ്ടെത്തിയ കുടുംബങ്ങളിൽ സാമൂഹിക നീതി വകുപ്പിൻറെ ഒരു

പദ്ധതിയിലും ഉൾപ്പെടുത്താൻ പറ്റാത്ത വയോജനങ്ങൾ, ട്രാൻസ്ജെൻഡേഴ്സ്, ഭിന്നശേഷിക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട വ്യക്തികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം എന്നിവയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ മൈക്രോപ്ലാനുകളിൽ ഇവർക്ക് ആവശ്യമായ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. മാനസിക വെല്ലുവിളി നേരിടുന്നവർ, ആലംബഹീനർ, അലഞ്ഞുതിരിഞ്ഞു നടക്കുന്നവർ എന്നിവരുടെ പുനരധിവാസത്തിനു ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7.ഓരോ ജില്ലയിലും അതിദാരിദ്ര്യ നിർമാർജന പദ്ധതിയുമായി ബന്ധപ്പെട്ട് അതാത് ജില്ലകളിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ (PAU) ഓരോ നോഡൽ ഓഫീസർ/പ്രൊജക്ട് ഓഫീസറെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസറുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പ് നൽകുന്ന സേവനങ്ങൾ സംബന്ധമായി വിശകലനം ചെയ്യേണ്ടതും പുരോഗതി റിപോർട്ട് 15 ദിവസത്തിലൊരിക്കൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

8 . അതിദരിദ്രകുടുംബങ്ങളിലെ വയോജനങ്ങൾ, ട്രാൻസ്ജെണ്ടർഴ്സ്, ഭിന്നശേഷിക്കാർ എന്നിവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് വനിതാശിശുവികസന വകുപ്പിലെ സൂപ്പർവൈസർ, അങ്കണവാടി ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് വനിതശിശു വികസന വകുപ്പ് ഡയറക്ടർ ഉത്തരവായിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ വനിതാശിശുവികസന വകുപ്പിലെ പ്രോഗ്രാം ഓഫീസർമാരുമായി ചർച്ച ചെയ്ത് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

9.വകുപ്പുതല നിർവഹണ ഉദ്യോഗസ്ഥർക്ക് MIS data login ലഭ്യമാകുന്ന മുറയ്ക്ക് EPIP_ data പ്രകാരമുള്ള ആളുകൾക്ക് വകുപ്പു മുഖേനയുള്ള സേവനങ്ങൾ നൽകിയതിൻറെ കണക്കുകൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

എം അഞ്ജന ഐ എ എസ്
സാമൂഹ്യനീതി ഡയറക്ടർ

അംഗീകാരത്തോടെ,

പവിത്രൻ തൈക്കണ്ടി
PEN Number: 212444
അസിസ്റ്റന്റ് ഡയറക്ടർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം 695033

**യോഗം മിനിട്സ്**

സംസ്ഥാനസർക്കാരിന്റെ അതി ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 05/01/2023 4.00 മണിക്ക് സാമൂഹികനീതി വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീമതി ജലജ എസ്സിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഓൺലൈൻ മീറ്റിങ്ങിന്റെ മിനിട്സ്

**യോഗത്തിൽ പങ്കെടുത്തവർ**

ശ്രീമതി. ജലജ എസ് - അഡീഷണൽ ഡയറക്ടർ

ശ്രീ. സുഭാഷ്കുമാർ കെ വി – ജോയിന്റ് ഡയറക്ടർ

ശ്രീമതി. പ്രീതി വിത്സൺ - അസിസ്റ്റന്റ് ഡയറക്ടർ

ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ/ പ്രതിനിധികൾ

ശ്രീ ബിനേഷ് ജി – ജൂനിയർ സൂപ്രണ്ട്

ശ്രീ ശ്രീജിത്ത് എസ് – സീനിയർ ക്ലർക്ക്

ശ്രീ രഞ്ജിത്ത് ആർ പി – IT സെൽ

കേരള സർക്കാരിൻറെ അതിദാരിദ്ര്യ നിർമാർജന ഉപ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്താകെ 64,006 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ഇവരിലേക്ക് ആവശ്യമായ പദ്ധതികൾ വിവിധ വകുപ്പുകൾ മുഖേന എത്തിക്കേണ്ടതുണ്ട് എന്ന് ഗവൺമെൻറ് നിർദേശമുണ്ട്. ഇവരിൽ നിന്നും സാമൂഹ്യനീതി വകുപ്പിൻറെ ഗുണഭോക്താക്കളായ വയോജനങ്ങൾ, ട്രാൻസ്ജെൻറേഴ്സ്, ഭിന്നശേഷിക്കാർ എന്നീ വിഭാഗത്തിൽ പെട്ട ആളുകളെ കണ്ടെത്തി അവർക്ക് വകുപ്പ് നൽകുന്ന സേവനങ്ങൾ എത്തിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക എന്നതായിരുന്നു മീറ്റിങ്ങിന്റെ മുഖ്യ അജണ്ട.

ഇത്തരം കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് വനിതാശിശുവികസന വകുപ്പിലെ സൂപ്പർവൈസർ, അങ്കണവാടി ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനു വനിതശിശു വികസന വകുപ്പ് ഡയറക്ടർ ഉത്തരവിട്ടിട്ടുണ്ടെന്നും ആയത് ജില്ലസാമൂഹികനീതി ഓഫീസർമാർക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും അഡീ.ഡയറക്ടർ അറിയിച്ചു. ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ വനിതാശിശുവികസന വകുപ്പിലെ പ്രോഗ്രാം ഓഫീസർമാരുമായി ബന്ധപ്പെട്ട് ഇത്തരം ആളുകളിലേക്ക് നമ്മുടെ വകുപ്പുമുഖേനയുള്ള പദ്ധതികൾ ഏതു രീതിയിൽ എത്തിക്കാം എന്നതു സംബന്ധമായി അഭിപ്രായം അറിയിക്കേണ്ടതാണ് എന്നും ആയതിൻറെ അടിസ്ഥാനത്തിൽ വകുപ്പ് സർക്കുലർ പുറപ്പെടുവിക്കുന്നതാണെന്നും അഡി.ഡയറക്ടർ അറിയിച്ചു.

സംസ്ഥാന തലത്തിൽ ഇതുമായി ബന്ധപ്പെട്ട് നോഡൽ ഓഫീസർ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത നോഡൽ ഓഫീസറുമായി ഡയറക്ടറേറ്റ് തലത്തിൽ കോ ഓർഡിനേഷൻ നടത്തുന്നുണ്ടെന്നും അതുപോലെ ഓരോ ജില്ലകളിലും പദ്ധതിയുമായി ബന്ധപ്പെട്ട് അതാത് ജില്ലകളിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ (PAU) ഓരോ നോഡൽ ഓഫീസർ/പ്രൊജക്ട് ഓഫീസർ ഉണ്ടെന്നും അവരുമായി ബന്ധപ്പെട്ട ജില്ലയിൽ നടത്തുന്ന പദ്ധതികൾ വിശകലനം ചെയ്യേണ്ടതാണെന്നും അറിയിച്ചു.

അതിദരിദ്രരായി കണ്ടെത്തിയിട്ടുള്ള കുടുംബങ്ങളെ വകുപ്പിലെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തൽ, വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കൽ, ആവശ്യമെങ്കിൽ ഇംപ്രസ്റ്റ് മണി ഉപയോഗപ്പെടുത്തൽ എന്നിങ്ങനെയുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണെന്ന് അഡി.ഡയറക്ടർ അറിയിച്ചു. വകുപ്പിന്റെ ഒരു പദ്ധതിയിലും ഉൾപെടുത്താൻ പറ്റാത്ത ആളുകളുണ്ടെങ്കിൽ അവർക്ക് ആവശ്യമായ സഹായം LSGI തയ്യാറാക്കുന്ന മൈക്രോപ്ലാനിൽ ഉറപ്പുവരുത്തുന്നതിനും നിർദ്ദേശിച്ചു.

ജില്ലയിലെ ദാരിദ്ര്യനിർമാർജന വിഭാഗം, പ്രോഗ്രാം ഓഫീസർ, ജില്ലാ വനിതാശിശുവികസന ഓഫീസർ, ജില്ലയിലെ PAU നോഡൽ ഓഫീസർ, കുടുംബശ്രീ നോഡൽ ഓഫീസർ എന്നിവരുടെ മീറ്റിംഗ് വിളിച്ചുചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസർ അറിയിച്ചു.ടി.ജി ഐ.ഡി കാർഡ്, ഡിസെബിലിറ്റി ഐ.ഡി കാർഡ് എന്നിവ ലഭ്യമാകാത്ത ആളുകളുടെ ലിസ്റ്റ് കോഴിക്കോട് കോർപറേഷനിൽ നിന്നും ലഭ്യമായിട്ടുണ്ടെന്നും ആയതു സംബന്ധമായി മേൽ നടപടികൾ സ്വീകരിച്ചു വരുന്നതായും ജില്ലാ ഓഫീസർ അറിയിച്ചു.

സുനീതി പോർട്ടൽ മുഖേന ലഭിച്ചിട്ടുള്ള അപേക്ഷകൾ മാത്രമേ പരിഗണിച്ചിട്ടുള്ളൂ എന്ന് കൊല്ലം ജില്ലാ ഓഫീസിലെ സീനിയർ സൂപ്രണ്ട് അറിയിച്ചു.

പത്തനംതിട്ടയിൽ അങ്കണവാടി ജീവനക്കാർക്ക് സീനിയർ സിറ്റിസൺ അവയർനെസ്സ് ക്ലാസ്സ് നടത്തുകയും പദ്ധതി സംബന്ധിച്ച് ബ്രോഷറുകൾ നൽകിയിട്ടുണ്ടെന്നും സീനിയർ സൂപ്രണ്ട് അറിയിച്ചു. ആവശ്യമായ മീറ്റിംഗുകൾ വിളിച്ച് ചേർത്ത് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

മൈക്രോപ്ലാൻ പ്രകാരം രണ്ടുപേരെ സ്ഥാപനങ്ങളിൽ എത്തിച്ചിട്ടുണ്ടെന്ന് എറണാകുളം ജില്ലാ ഓഫീസർ അറിയിച്ചു.

തൃശ്ശൂർ ജില്ലയിൽ നോഡൽ ഓഫീസറുമായി ബന്ധപ്പെട്ട് പ്രവർത്തനം തുടങ്ങിയതായും ഭക്ഷണം പാചകം ചെയ്യാൻ പോലും ആകാത്ത ആൾക്കാർക്ക് ജനകീയ ഹോട്ടൽ മുഖേന ഭക്ഷണം നൽകുന്നതിനു പഞ്ചായത്ത് മുഖേന നടപടി സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടെന്നും ജില്ലാ സാമൂഹികനീതി ഓഫീസർ അറിയിച്ചു.

പ്രോഗ്രാം ഓഫീസർ മുഖേന ജീവനക്കാരുടെ ലിസ്റ്റ് ലഭ്യമാക്കി ഐസിഡിഎസ് ജീവനക്കാരുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകിരിച്ചുവരികയാണെന്ന് പാലക്കാട് ജില്ല സാമൂഹ്യനീതി ഓഫീസർ അറിയിച്ചു.

മലപ്പുറത്ത് അതിദരിദ്രർക്ക് അവകാശരേഖകൾ നൽകുന്നതിനു DRDA യുടെ നിർദ്ദേശം ഉണ്ടെന്നും ഭിന്ന ശേഷി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിനായി കിട്ടിയ അപേക്ഷകൾ KSSM നു നൽകിയിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായുള്ള ക്യാമ്പ് ഉടനെ നടത്തുമെന്നും DSJOയുടെ പ്രതിനിധിയായ സീനിയർ സൂപ്രണ്ട് അറിയിച്ചു.

വയനാട്ടിൽ അതിദരിദ്രർക്ക് അവകാശരേഖകൾ നൽകുന്ന പ്രക്രിയ പൂർത്തിയായതായും UDID കാർഡുകൾ വിതരണം ചെയ്യൽ ഉടനെ ആരംഭിക്കുമെന്നും ICDS, ജില്ല പഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ടു സേവനങ്ങൾ നൽകാനുള്ള പദ്ധതി ആരംഭിക്കുമെന്നും വയനാട് ജില്ലാ സാമൂഹ്യനീതി ഓഫീസർ അറിയിച്ചു.

കാസർഗോഡ് ജില്ല പഞ്ചായത്തുമായി ചേർന്ന് അതിദരിദ്രർക്കായി പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ICDS മുഖേന സന്ദർശനം നടത്തി അർഹരെ കണ്ടെത്തുന്നതിന് സ്കീമിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കാസർഗോഡ് ജില്ല ഓഫീസർ പറഞ്ഞു. നിലവിൽ റസ്ക്യൂ റീ ഹാബിലിറ്റേഷൻ ആവശ്യമുള്ള ആളുകളെ കണ്ടെത്തി വരുന്നുണ്ടെന്നും ജില്ലാ ഓഫീസർ അറിയിച്ചു.

ആലപ്പുഴയിൽ ജില്ല പഞ്ചായത്ത്, കലക്ടർ ഇവരുമായി ഇതുവരെ രണ്ട് മീറ്റിങ്ങുകൾ നടന്നിട്ടുണ്ടെന്ന് ആലപ്പുഴ സീനിയർ സൂപണ്ട് അറിയിച്ചു. വകുപ്പിൻറെ സ്കീമുകൾ സംബന്ധമായ വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ഡയരക്ടറേറ്റിൽ നിന്നും ലഭ്യമായ ലിസ്റ്റ് പഞ്ചായത്ത് തിരിച്ച് വനിതാശിശുവികസന വകുപ്പിന് നൽകുന്നതാണെന്നും അറിയിച്ചു.

കണ്ണൂർ ജില്ലയിൽ അതിദരിദ്രർക്ക് ജില്ലാ പഞ്ചായത്ത് മുഖേന പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും ജില്ലാ ഓഫീസർ അറിയിച്ചു

06/01/2023 നു 4.00 PM നു മുമ്പ് ഇതുവരെ അതാതുജില്ലകളിൽ നടത്തിയ പദ്ധതികൾ എന്തൊക്കെയാണെന്നും ഇത്തരം ആളുകളിലേക്ക് നമ്മുടെ വകുപ്പുമുഖേനയുള്ള പദ്ധതികൾ ഇവരിലേക്ക് ഏതു രീതിയിൽ എത്തിക്കാം, വയോരക്ഷ, പരിരക്ഷ പദ്ധതികൾ എങ്ങിനെ ഇതിനായി ഉപയോഗപ്പെടുത്താം എന്നും സംബന്ധിച്ച റിപ്പോർട്ട് സാമൂഹികനീതിവകുപ്പ് ഡയരക്ടറേറ്റിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ കർശനനിർദ്ദേശം നൽകി.

പ്രധാന അജണ്ടയ്ക്ക് പുറമേ സുനീതി പോർട്ടൽ, സി.എം.ഒ പോർട്ടൽ പെൻറൻസി എന്നീവിഷയങ്ങൾ കൂടി അവലോകനം നടത്തി.

1. സി എം ഓ പോർട്ടൽ:- പ്രിതിമാസ ഗുണപരിശോധന റിപ്പോർട്ട് ലഭ്യമാക്കാത്ത തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകൾ, അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് അഡീഷണൽ ഡയറക്ടർ അറിയിച്ചു. ഇടർന്ന് എല്ലാ മാസവും ഒന്നാം തീയതി തന്നെ ഗുണപരിശോധന റിപ്പോർട്ട് സാമൂഹ്യ നീതി ഡയറക്ടർക്ക് അയയ്ക്കുന്നുവെന്നത് ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

2. സുനീതി പോർട്ടൽ :- സുനീതി പോർട്ടൽ ഡിസ്പോസൽ 11 സ്കീംസ് A യിലും, 7 എണ്ണം B യിലും, 12 എണ്ണം C യിലും ആണ് സ്റ്റാറ്റസ് , Cയിൽ ഉള്ളവ അടിയന്തിരമായി സ്റ്റാറ്റസ് മാറണമെന്ന് അഡീഷണൽ ഡയറക്ടർ നിർദ്ദേശിച്ചു.